APPENDIX H4

## നോട്ടീസ്

പത്തനംതിട്ട ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ക്ലർക്ക് ശ്രീ.ഷിബു.വി അറിയുന്നതിനായി പ്രസിദ്ധീകരിക്കുന്നത്. കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾ 1960 പ്രകാരം അച്ചടക്കനടപടിയുടെ ഭാഗമായി താങ്കളെ സർവീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ടുള്ള താൽക്കാലിക നോട്ടീസ് 14/10/2022 ലെ ഉത്തരവ് രജിസ്റ്റേർഡ് തപാൽ മുഖേന ലഭ്യമായ മേൽവിലാസത്തിൽ താങ്കളെ അറിയിക്കുന്നതിന് പത്തനംതിട്ട ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് നല്കിയിരുന്നു. എന്നാൽ ലഭ്യമായ മേൽവിലാസത്തിൽ നിലവിൽ ആൾതാമസം ഇല്ലാത്തതിനാൽ മടക്കി ലഭിച്ചതായി പത്തനംതിട്ട ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്. തിരുവനന്തപുരം പി.എം.ജി ജംഗ്ഷനിലെ തൊഴിൽ ഭവനിൽ പ്രവർത്തിച്ചുവരുന്ന എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലെ എംപ്ലോയ്മെന്റ് ജോയിന്റ് ഡയറക്ടർ സമക്ഷം പ്രവർത്തി സമയത്തിൽ താങ്കളുടെ മേൽവിലാസം രേഖപ്പെടുത്തി അപേക്ഷ സമർപ്പിച്ചാൽ ടി വിഷയം സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുന്നതാണ്.

**ശിക്ഷണാധികാരി:- എംപ്ലോയ്മെന്റ് ജോയിന്റ് ഡയറക്ടർ**

എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ,
പി.എം.ജി. ജംഗ്ഷനു സമീപം,
തിരുവനന്തപുരം.

To

ശ്രീ.ഷിബു.വി
സൗപർണിക
മിത്രപുരം
അടൂർ

ഭരണഭാഷ മാതൃഭാഷ

# നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് (കേരളം )

L2/1253/2019/DE

എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്,
തിരുവനന്തപുരം-33
തീയതി : 14.10.2022
Phone No . 0471 2301249
✉:- deker.emp.lbr@kerala.gov.in

## നോട്ടീസ്

വിഷയം :- എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് - വിജിലൻസ് സെൽ - ശ്രീ.ഷിബു.വി, ക്ലർക്കിന്റെ അനധികൃത ഹാജരില്ലായ്മ - ശ്രീ.ഷിബു.വി, ക്ലർക്കിനെതിരെയുള്ള അച്ചടക്കനടപടി സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന :-
1. 28/03/03 തീയതിയിലെ ജി.ഒ (ആർ.റ്റി)758/08/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ്.
2. 30/04/13 തീയതിയിലെ ജി.ഒ (ആർ.റ്റി)801/13/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ്.
3. പത്തനംതിട്ട ജില്ലാ ഓഫീസറുടെ 30/01/19 തീയതിയിലെ A1/6182/12 നമ്പർ കത്ത്.
4. പത്തനംതിട്ട ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 22/10/20 ലെ DEE PTA/484/20-A2 നമ്പർ കത്ത്.
5. 01/12/2020 ലെ കുറ്റപത്രം.
6. 27/01/2021 ലെ രാജി കത്ത് അറിയിച്ചുകൊണ്ടുള്ള ഇ-മെയിൽ സന്ദേശം
7. 19/03/2021 ലെ ബഹു.സർക്കാരിലേയ്ക്ക് നല്കിയ ഇതേ നമ്പർ കത്ത്
8. 13/12/2021 ലെ ജി1/35/2019 തൊഴിൽ നമ്പർ സർക്കാർ കത്ത്.
9. 03/02/2022 ലെ ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ നിയോഗിച്ചുകൊണ്ടുള്ള ഉത്തരവ്.
10. 09/05/2022 ലെ അന്വേഷണ റിപ്പോർട്ട്.

പത്തനംതിട്ട ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ എൽ.ഡി.ക്ലാർക്ക് ആയിരുന്ന (നിലവിൽ അനധികൃത ഹാജരില്ലായ്മയിൽ) ശ്രീ.ഷിബു.വി എന്ന താങ്കൾ താഴെ പറയുന്ന കുറ്റം ചെയ്തു.

പത്തനംതിട്ട ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും സൂചന (1) ഉത്തരവ് പ്രകാരം 01/03/2008 മുതൽ 5 വർഷത്തേയ്ക്കും അതിനു തുടർച്ചയായി സൂചന (2) പ്രകാരം 01/03/13 മുതൽ 5 വർഷത്തേയ്ക്കും ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്ന താങ്കൾ 28/02/18 ൽ അവധി കാലയളവ് അവസാനിച്ചതിന് ശേഷവും ജോലിയിൽ പുനഃപ്രവേശിക്കുകയോ

അവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലെന്ന് സൂചന (3), (4) പ്രകാരം പത്തനംതിട്ട ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. അവധി കാലാവധി കഴിഞ്ഞ് യഥാസമയം ജോലിക്ക് ഹാജരാകാതിരിക്കുന്നത് ഒരു ഗവണ്മെന്റ് ഉദ്യോഗസ്ഥനായ താങ്കളുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയും കൃത്യവിലോപവും ആണ്.

തുടർന്ന് സൂചന (5) പ്രകാരം കുറ്റപത്രം നൽകുകയും സൂചന (6) പ്രകാരം രാജി അപേക്ഷ സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. താങ്കൾക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചുവരവെ കുറ്റപത്രത്തിന് പ്രതിവാദപത്രിക സമർപ്പിക്കാതെ വ്യക്തിപരമായ കാരണങ്ങളാൽ സർവ്വീസിൽ നിന്ന് രാജിവയ്ക്കുന്നതായി അറിയിച്ചുകൊണ്ട് താങ്കൾ രാജി അപേക്ഷ സമർപ്പിച്ചിരുന്നു. താങ്കളെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രമാണ് നൽകിയിരുന്നത്. തുടർന്ന് ടി വിഷയത്തിൽ സൂചന (8) പ്രകാരം താങ്കൾക്കെതിരെ അച്ചടക്കനടപടി തുടരുന്നതിന് സർക്കാർ നിർദ്ദേശിച്ചിരുന്നു. സർവ്വീസിൽ പുനഃപ്രവേശിക്കാതെ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നത് ഗുരുതരമായ കൃത്യവിലോപവും സർക്കാർ ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങളുടെയും പെരുമാറ്റചട്ടങ്ങളുടെയും ലംഘനവുമാകയാൽ 1960 ലെ കേരള സിവിൽ സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഔപചാരിക അന്വേഷണത്തിന് സൂചന (9) പ്രകാരം പത്തനംതിട്ട ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറെ ചുമതലപ്പെടുത്തുകയും സൂചന (10) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം താങ്കൾ നിലവിൽ വിദേശത്ത് ജോലി ചെയ്യുന്നു എന്ന വസ്തുത കണക്കിലെടുത്തും കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കിയിട്ടും, ഏകദേശം നാല് കൊല്ലത്തോളം അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന താങ്കൾക്ക് ജോലിയിൽ പുനഃപ്രവേശിക്കുവാൻ താൽപര്യമില്ല എന്ന് ബോധ്യമായ സാഹചര്യത്തിലും, 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം താങ്കൾക്കെതിരെയുള്ള നടപടിക്രമങ്ങൾ എല്ലാം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിലും 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (1)(VII) പ്രകാരം താങ്കളെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. ഈ തീരുമാനത്തിനെതിരെ എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കുവാനുള്ള പക്ഷം അത് ഈ നോട്ടീസ് കൈപ്പറ്റുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

നിർദ്ദേശിച്ച കാലയളവിനുള്ളിൽ രേഖാമൂലം ആക്ഷേപം സമർപ്പിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടി താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതായിരിക്കും. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

-sd/-

എംപ്ലോയ്മെന്റ് ജോയിന്റ് ഡയറക്ടർ

ശ്രീ.ഷിബു.വി
ക്ലർക്ക്
ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്,
പത്തനംതിട്ട

<u>പകർപ്പ്:-</u>

1) ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ
ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്,
പത്തനംതിട്ട
2) സ്റ്റോക്ക് ഫയൽ
3) ഒ.സി

മൂന്ന് പകർപ്പുകൾ നൽകുന്നു. രണ്ടെണ്ണം ടിയാന് നല്കി ഒന്നിൽ ടിയാന്റെ തീയതിയോടുകൂടിയ ഒപ്പ് രേഖപ്പെടുത്തി മടക്കി നൽകേണ്ടതാണ്.

||പകർപ്പ്||

(എംപ്ലോയ്മെന്റ് ജോയിന്റ് ഡയറക്ടർ)

P. K. MOHANADAS
PEN : 354514
Joint Director of Employment
Directorate of Employment
Thiruvananthapuram - 695033